സിറ്റിസൺ അസ്സിസ്റ്റൻറ്
<u>തദ്ദേശസ്വയംഭരണ വകുപ്പിൽ സ്ഥിരം അദാലത്ത്</u>

(Refer GO No..916/2023/LSGD dt 25-4-23 and Letter No. LSGD/PD/20630/2023-VIGAS dt 17-5-23 of Principal director)

(കെട്ടിട നിർമ്മാണ പെർമിറ്റ്, പൂർത്തീകരണം, ക്രമവൽക്കരണം, നമ്പറിംഗ്, ലൈസൻസുകൾ, ജനന-മരണ-വിവാഹ രജിസ്ട്രേഷൻ എന്നീ വിഷയങ്ങളിലെ ഹരജികൾ പരിഗണിക്കുന്നതിന് )
ഉപജില്ലാ അദാലത്ത് നം.9 തിയ്യതി 31-10-23ന് 2 പി എംന്
<u>മിനുട്സ്</u>

ഹാജർ :
1- ഖാലിദ് പി കെ, ഇൻറേണൽ വിജിലൻസ് ഓഫീസർ & കൺവീനർ
2- റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം
3- അജയകുമാർ എം എസ്, അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അംഗം
4- അഭയൻ, സെക്രട്ടറി, നന്നമുക്ക് ഗ്രാമ പഞ്ചായത്ത്
5- പ്രദീപ്, സെക്രട്ടറി, ആതവനാട് ഗ്രാമപഞ്ചായത്ത്
6- ഫെലിക്സ് ഗ്രിഗറി, സെക്രട്ടറി, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്
7- ധന്യ, സീനിയർ ക്ലാർക്ക്, കുറ്റിപ്പുറം ഗ്രാമ പഞ്ചായത്ത്
8- പദ്മകുമാർ, ജെ എസ്, വെളിയങ്കോട് ഗ്രാമപഞ്ചായത്ത്
9- ഉമ്മർ, എം വി, നന്നമുക്ക്

അദാലത്തിൽ പരിഗണിച്ച അപേക്ഷകളുടെ/പരാതികളുടെ വിവരം

| Sl No | Service Type | Local body | Applicants Name | Subject/Complaint | Application No |
|---|---|---|---|---|---|
| 1 | Trade License | Nannamukku | UMMER | Trade Lisence നൽകുന്നില്ല | 400926/RPTL19/General/2023/7146 |
| 2 | Building Permit | Kuttippuram | SHAFEEQ AND JABIR | Building occupancy ലഭിച്ചില്ല | 400894/BRRL01/GPO/2022/5203 |
| 3 | Building Permit | Kuttippuram | SURESHKUMAR | Building occupancy ലഭിച്ചില്ല | 400894/BABC06/GPO/2022/5817 |
| 4 | Building Permit | Kuttippuram | KADEEJA | Building occupancy ലഭിച്ചില്ല | 400894/BABC06/GPO/2023/4118 |
| 5 | Trade License | Kuttippuram | RAJEEV T | license for hotel ലഭിച്ചില്ല | 400894/RPTL19/GPO/2023/5178 31-7-23 |
| 6 | Trade License | Kuttippuram | Sabhitha T P | Day care & pre School License | 400894/RPTL19/GPO/2023/5377 |
| 7 | Trade License | Kuttippuram | Sunesh | License renew for Ashish Elecro | 00894/RPTL20/GPO/2023/5280 |
| 8 | Civil Registrations | Veliyancode | Shri. SIRAJ C M Smt. IRFANA SHIRIN | വിവാഹ രജിസ്ട്രേഷൻ | 400928/CRCM01/GPO/2023/3960 12-08-2023 |
| 9 | Trade License | Veliyancode | PM Shaukathali | ജ്വല്ലറി ലൈസൻസ് ലഭിച്ചില്ല | 400928/RPTL20/GPO/2023/3808 02-08-2023 |

| | | | | | |
|---|---|---|---|---|---|
| 10 | Building Permit | Veliyancode | muhammed rasheed and shalidha | വീട് നിർമ്മാണത്തിന് അനുതി ലഭിച്ചില്ല. | 400928/BRRL01/GPO/2023/2274 16-05-2023 |
| 11 | Building Permit | Athavanad | JANAKI | വീടിന് പെർമിറ്റ് ലഭിച്ചില്ല | 400890/BPRL01/GPO/2023/6178 |
| 12 | Building Permit | Athavanad | SHIHAB | കടമുറുകൾക്ക് പെർമിറ്റ് ലഭിച്ചില്ല. | 400890/BPMC01/GPO/2023/3377 |

അദാലത്ത് ജില്ലാ ടൌൺ പ്ലാനിംഗ് ഓഫീസിൽ വെച്ച് 2 പിഎംന് നടത്തി. അദാലത്ത് മെമ്പറും കുറ്റിപ്പുറം ബ്ലോക്ക് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയറുമായ (adl charge) ശ്രീ. അജയകുമാർ, നന്നമുക്ക്, ആതവനാട്, വെളിയങ്കോട് ജി പികളിലെ ജീവനക്കാരും നന്നമുക്കിൽനിന്നും ശ്രീ. ഉമ്മർ എന്നവരും ഓൺലൈനായും അദാലത്തിൽ പങ്കെടുത്തു. നന്നമുക്ക് ഒഴികെയുള്ള ജി പികളിൽനിന്നും സ്യൂമോട്ടോ എടുത്ത സേവനം വൈകിയ അപേക്ഷകളാണ് അദാലത്തിൽ പരിഗണിച്ചത്.

**തീരുമാനങ്ങൾ :**

**നന്നംമുക്ക്**
**പരാതി 1.**

ഉമ്മർ എന്നവർ ട്രേഡ് ലൈസൻസിന് വേണ്ടി 11.09.2023 ന് നന്നംമുക്ക് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. അപേക്ഷകൻ ലൈസൻസിനായി സമർപ്പിച്ച അപേക്ഷയിൽ കാണിച്ച 6/721 J നമ്പറിലുള്ള കടമുറി അടങ്ങിയ കെട്ടിടം , മുഹമ്മദ് കുട്ടി ഹാജി, ഹംസ, അബൂബക്കർ സിദ്ദീഖ്, അബ്ദുൽ കരിം എന്നീ നാല് പേരുടെ ഉടമസ്ഥതയിലാണ് നിലവിൽ പഞ്ചായത്ത് അസ്സസ്സ്മെൻറ് രജിസ്റ്റർ പ്രകാരം. മറ്റ് മൂന്ന് പേർ ശ്രീ. കരിമിന് നൽകിയ മുക്ത്യാർ പ്രകാരമാണ് നിലവിൽ ലൈസൻസ് അപേക്ഷകർക്ക് സമ്മതപത്രം നൽകുന്നത്. മുഹമ്മദ് കുട്ടി 2020ൽ മരണപ്പെട്ടതിനെ തുടർന്ന് കെട്ടിടത്തിൻറെ അവകാശികൾ തമ്മിൽ തർക്കം നിലവിലുണ്ടെന്നും പ്രസ്തുത തർക്കമാണ് ശ്രീ. ഉമ്മറിൻറെ ലൈസൻസ് അപേക്ഷ തീർപ്പാക്കുന്നത് വൈകിയതിനും കാരണമെന്ന് സെക്രട്ടറി പരാതിക്കാരൻ എന്നിവരെ കേട്ടതിൽനിന്നും ഫയലുകൾ പരിശോധിച്ചതിൽനിന്നും ബോധ്യപ്പെട്ടുകയുണ്ടായി. മരിച്ച മുഹമ്മദ് കുട്ടി ഹാജിയുടെ മകനും ലീഗൽ ഹെയർഷിപ്പ് ഉള്ള ആളുമായ മുസദ്ദിഖ് എന്നയാൾ നൽകിയ പരാതിയുടെ മാത്രം അടിസ്ഥാനത്തിലാണ് തനിക്ക് ലൈസൻസ് നൽകാത്തതെന്ന് ശ്രീ. ഉമ്മർ അറിയിച്ചു. പഞ്ചായത്തിൽ ഉടമസ്ഥത മാറ്റം വരുത്താത്തതിനാലും മുസദ്ദിഖിന് പഞ്ചായത്തിൽ നിന്നും നൽകിയ കത്തിൽ ആവശ്യപ്പെട്ട രേഖകൾ സമർപ്പിക്കാത്തനിനാലും മുസദ്ദിഖിൻറെ വാദം നിലനിൽക്കുന്നതല്ല. മുഹമ്മദ് കുട്ടിഹാജിയുടെ മരണത്തെ തുടർന്ന് തയ്യാറാക്കിയതെന്ന് പറയുന്ന മുക്ത്യാറിൽ ഈ കെട്ടിടത്തിൻറെ സഹ ഉടമസ്ഥനായ അബ്ദുൽ കരിം ഉൾപ്പെട്ടതായും കാണുന്നില്ല. എന്നാൽ മുഹമ്മദ് കുട്ടി ഹാജി മരണപ്പെട്ട വിവരം കരീം ഉൾപ്പെടെയുള്ള മറ്റ് അവകാശികൾ പഞ്ചായത്തിനെ അറിയിച്ചതായും കാണുന്നില്ല. ലൈസൻസ് അപേക്ഷയോടൊപ്പം സമർപ്പിച്ച മുക്ത്യാറിൽ മരണപ്പെട്ട മുഹമ്മദ് കുട്ടി ഉൾപ്പെട്ടതിനാൽ ആ മുക്ത്യാർ അസാധുവാണെന്ന് കാണുന്നു. ആയതിനാൽ ഹംസ, അബൂബക്കർ സിദ്ധീഖ്, അബ്ദുൽ കരീം എന്നിവർ സംയുക്തമായി അപേക്ഷകന് സമ്മത പത്രം നൽകി അത് സെക്രട്ടറിക്ക് സമർപ്പിച്ച് ഉമ്മറിൻറെ നിലവിലുള്ള അപേക്ഷ തീർപ്പാക്കുകയൊ അല്ലെങ്കിൽ വ്യവസ്ഥകൾ(ആവശ്യമെങ്കിൽ) വെച്ചുകൊണ്ട് ലൈസൻസ് അനുവദിക്കുകയൊ ചെയ്യുന്നതിന് സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

**കുറ്റിപ്പുറം**

26/11/22 (ബിൽഡിംഗ് പെർമിറ്റ്), 23/12/22 ബിൽഡിംഗ് പെർമിറ്റ്), 15/06/23 (ബിൽഡിംഗ് പെർമിറ്റ്), 31/07/23 (ട്രേഡ് ലൈസൻസ്) 09/08/23 ട്രേഡ് ലൈസൻസ്) 03/08/23 (ട്രേഡ് ലൈസൻസ്) എന്നീ വിഷയങ്ങളുമായി ബന്ധപ്പെട്ട അപേക്ഷളിൽ കുറ്റിപ്പുറം സെക്രട്ടറിക്ക് വിശദീകരണം നൽകാൻ കഴിയാത്തതിനാൽ 01/11/2023ന് രാവിലെ 11.00 മണിക്ക് ടി

വിഷയങ്ങളുമായി ബന്ധപ്പെട്ട ഫയൽ സഹിതം നേരിട്ട് ഹാജരാകുന്നതിന് നിർദ്ദേശം നൽകി തീരുമാനിച്ചു. അവ അടുത്ത അദാലത്തിൽ തീർപ്പാക്കുന്നതിനും തീരുമാനിച്ചു.

**വെളിയൻകോട്**

**പരാതി 1**

വിവാഹ രജിസ്റ്റർ ചെയ്യുന്നതിന് വേണ്ടി 12.08.2020 ന് സിറാജ് സി.എം ഇർഫാന ഷെറിൻ എന്നിവർ വെളിയൻകോട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. വിവാഹം നടന്ന സ്ഥലത്തുതന്നെ(മാറഞ്ചേരി പഞ്ചായത്ത്) വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കേണ്ടത്. എന്നാൽ തെറ്റായ സ്ഥലത്താണ് അപേക്ഷ നൽകിയത് എന്ന് ബോധ്യപ്പെട്ടതിൻറെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട കക്ഷികൾക്ക് അപേക്ഷ നിരസിച്ചതായിട്ടുള്ള അറിയിപ്പ് നൽകുന്നതിനും, ആയതിൻറെ പകർപ്പ് ഈ ഓഫീസിലേക്ക് അയച്ച് നൽകുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകുന്നു.

**പരാതി 2**

ജ്വല്ലറി ലൈസൻസ് ലഭിച്ചില്ല എന്ന് കാണിച്ചുകൊണ്ട് 02/08/23 ന് പി.എം ഷൌക്കത്തലി എന്നവർ വെളിയൻകോട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. ലൈസൻസ് പുതുക്കി നൽകുന്നതിന് ആണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് എന്നും കഴിഞ്ഞ വർഷം ലൈസൻസ് പുതുക്കാത്തതിലാണ് ലൈസൻസ് പുതുക്കൽ അപേക്ഷ പ്രൊസസ്സ് ചെയ്യാൻ കഴിയാത്തതെന്ന് ജെ എസ് അറിയിച്ചു. ആയതിനാൽ ടി അപേക്ഷ പരിഗണിച്ച് പുതിയ ലൈസൻസ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ സെക്രട്ടറിക്ക് നിർദ്ദേശം നൽകുകയും ലൈസൻസ് അനുവദിച്ച വിവരം അടുത്ത മീറ്റിംഗിൽ റിപ്പോർട്ട് ചെയ്യുന്നതിനും നിർദ്ദേശം നൽകി.

**പരാതി 3**

വീടിന് നിർമ്മാണത്തിന് അനുമതിക്കായി 016/05/23 ന് മുഹമ്മദ് റഷീദ് & ഷാലിദ എന്നവർ വെളിയങ്കോട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. അപേക്ഷ പ്രൊസ്സസ്സ് ചെയത് ഡിമാൻഡ് അംഗീകരിച്ച് ഡിമാൻഡ് നമ്പർ - 52300279 തീയതി 26-10-2023. 140120105 (Fee for Building Regularisation)ആകെ -38714.00/- രൂപ അടവാക്കുന്നതിന് അപേക്ഷകന് കത്ത് തയ്യാറാക്കി നൽകുന്നതാണെന്നും പഞ്ചായത്ത് അറിയിച്ചു. ആയതിനാൽ ഫീസ് അടക്കുന്ന മുറക്ക് നമ്പർ നൽകിയ വിവരം അരിയിക്കേണ്ടതാണ്. ഫീസ് അടക്കുന്നത് വരെ ഫയൽ പാർക്ക് ചെയ്യുന്നതിനും നിർദ്ദശം നൽകുന്നു.

**ആതവനാട്**

**പരാതി 1**

വീടിന് പെർമിറ്റ് ലഭിച്ചിക്കുന്നതിന് 09/06/23 ന് ജാനകി എന്നവർ ആതവനാട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. അപേക്ഷ പ്രൊസ്സസ്സ് ചെയ്ത് ഡിമാൻഡ് അംഗീകരിച്ചിട്ടുണ്ട് എന്നും നം. 52301284 തീയതി 23–10–2023 പ്രകാരം ( Permit Fee For Construction Of Buildings ) 43548 രൂപ അടവാക്കുന്നതിന് കത്ത് നൽകുന്നതാണെന്നും അറിയിച്ചു. കത്ത് നൽകിയ വിവരവും ഫീസ് അടവാക്കുന്ന മുറക്ക് പെർമിറ്റ് നൽകി വിവരം ഈ ഓഫീസിനെ അറിയിക്കേണ്ടതുമാണ്

**പരാതി 3**

കടമുറികൾക്ക് പെർമിറ്റ് ലഭിച്ചില്ല എന്ന് കാണിച്ച് 23/03/2023 ഷിഹാബ് എന്നിവർ ആതവനാട് ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുള്ളതാണ്. അപേക്ഷകന് 13–9–23ന് പെർമിറ്റ് അനുദിച്ചതാണ് എന്ന് സെക്രട്ടറി അറിയിച്ചു. എന്നാൽ ഡിറ്റൽ സൈൻ ചെയ്യാത്തതിനാൽ അപേക്ഷകന് പെർമിറ്റ് ലഭിച്ചിട്ടില്ലെന്ന് കാണുന്നു. ഇന്ന് തന്നെ ഡിജിറ്റൽ സൈൻ ചെയത് ഫയൽ ഡിസ്പ്പോസ് ചെയ്യാനും പെർമിറ്റ് കോപ്പി അയച്ച് നൽകുന്നതിനും സെക്രട്ടറിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

ഈ മീറ്റിംഗിലെ തീരുമാനങ്ങൾ നടപ്പിലാക്കുന്നു എന്ന് ഈ ഓഫീസിലെ സെക്ഷൻ ക്ലാർക്ക് സമയാസമയങ്ങളിൽ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും adalatapp.lsgkerala.gov.in എന്ന ആപ്പിൽ ഈ പരാതികളിൽ അപ്ഡേഷൻ വരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശം നൽകിയും തീരുമാനിച്ചു.
യോഗം 3.30 പിഎംന് അവസാനിച്ചു.

മലപ്പുറം ഉപജില്ലാ സമിതി–2 ന് വേണ്ടി,
1.ഖാലിദ് പി കെ, ഇൻറേണൽ വിജിലൻസ് ഓഫീസർ, കൺവീനർ (ഒപ്പ് )
2.റെനി എൽ ജെ, ഡെപ്യൂട്ടി ടൌൺ പ്ലാനർ, അംഗം (ഒപ്പ് )
3.അജയകുമാർ എം എസ്, അസി. എക്സിക്യൂട്ടിവ് എഞ്ചിനീയർ, അംഗം (ഒപ്പ് )

//ശരിപ്പകർപ്പ്//

ഖാലിദ് പി കെ,
ഇൻറേണൽ വിജിലൻസ് ഓഫീസർ & കൺവീനർ, സ്ഥിര അദാലത്ത് ഉപജില്ലാ സമിതി–2

പകർപ്പ് :–

1. സെക്രട്ടറി,

   നന്നമുക്ക്, കുറ്റിപ്പുറം, വെളിയങ്കോട്, ആതവനാട് ഗ്രാമ പഞ്ചായത്തുകൾ